സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

## വാർത്താക്കുറിപ്പ്

### മംഗളാദേവി ക്ഷേത്ര പുനരുദ്ധാരണം - സംയുക്ത യോഗം

മംഗളാദേവി ക്ഷേത്ര പുനരുദ്ധാരണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യാൻ തിരുവിതാംകൂർ ദേവസ്വം ബോർഡ് വിളിച്ചു ചേർത്ത കേരള - തമിഴ്നാട് കണ്ണകി ട്രസ്റ്റ് ഭാരവാഹികളുടെ യോഗം ഇന്ന് (14.07.2018) കുമളിയിൽ നടക്കും. രാവിലെ 10 മണിയ്ക്ക് കുമളി എസ്.എൻ ഇന്റർനാഷണൽ ഹോട്ടലിൽ വച്ചാണ് യോഗം. ദേവസ്വം പ്രസിഡന്റ് എ. പത്മകുമാറിന്റെ അദ്ധ്യക്ഷതയിലാണ് യോഗം. ദേവസ്വം ബോർഡ് അംഗങ്ങളായ കെ.പി.ശങ്കരദാസ്, കെ.രാഘവൻ എന്നിവർ യോഗത്തിൽ സംബന്ധിയ്ക്കും. മംഗളാദേവി ക്ഷേത്ര പുനരുദ്ധാരണം, വിഗ്രഹ പുന:പ്രതിഷ്ഠ, വിശേഷ ദിവസത്തിൽ ക്ഷേത്രം നട തുറക്കൽ തുടങ്ങിയവ യോഗത്തിൽ ചർച്ചയാകും. മംഗളാദേവി ക്ഷേത്ര പുനരുദ്ധാരണ വിഷയത്തിൽ മുഖ്യമന്ത്രി ഇടപെട്ട് യോഗം വിളിച്ച് നടപടികളുമായി മുന്നോട്ട് പോകാൻ ദേവസ്വം ബോർഡിന് നിർദ്ദേശം നൽകിയിരുന്നു. രണ്ട് സംസ്ഥാന ങ്ങളിലെയും ട്രസ്റ്റുകളുടെ യോഗം വിളിച്ച് ഒറ്റ ട്രസ്റ്റ് രൂപീകരിക്കണമെന്നും മുഖ്യമന്ത്രി ബോർഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിലാണ് ഇരു സംസ്ഥാനങ്ങളിലേയും ട്രസ്റ്റുകളുടെ സംയുക്ത യോഗം കുമളിയിൽ ചേരുന്നത്.

**പബ്ലിക് റിലേഷൻസ് ഓഫീസർ**

തിരുവനന്തപുരം
14.07.2018